## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : **2324**

**23.03.2012 ൽ**
മറുപടിക്ക്

## പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ചന്ദ്രൻ: | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ എത്ര എണ്ണമാണ് നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് ;<br><br>(ബി) ആകെ എത്ര കോടിയുടെ നഷ്ടമാണ് സംഭവിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; | (എ) & (ബി)<br>സംസ്ഥാനത്ത് പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ 2011-12 സാമ്പത്തിക വർഷത്തെ ലാഭനഷ്ട കണക്കുകൾ 2012 ഏപ്രിൽ മാസം 10-ാം തീയതിയോടുകൂടി മാത്രമേ ക്രോഡീകരിച്ചു വരികയുള്ളു. ഇതിനു ശേഷമേ സ്ഥാപനങ്ങളുടെ ലാഭനഷ്ടക്കണക്കുകളുടെ യഥാർത്ഥ സ്ഥിതി അറിയുവാൻ കഴിയുകയുള്ളു. |
| (സി) നഷ്ടത്തിൽ പ്രവർത്തിക്കുന്നവയെ ലാഭത്തിലാക്കുവാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (സി) പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമായി നടത്തുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതികൾക്കായി 54.10 കോടി രൂപ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഈ തുകയിൽ 10 കോടിരൂപ KELTRON ന്റെ നവീകരണമുൾപ്പെടെയുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും പ്രത്യേകം വകയിരുത്തിയിട്ടുണ്ട്. കമ്പനികൾക്ക് അനുവദിച്ച സഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

ടെക്സ്റ്റൈൽ മേഖലയുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി Kerala State Textile Corporation Ltd, Texfed ന്റെ അധീനതയിൽ വരുന്ന സ്പിന്നിംഗ് മില്ലുകൾ എന്നിവയ്ക്കായി 14 കോടിരൂപയുടെ പദ്ധതിയ്ക്ക് അംഗീകാരവും ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

മേൽപ്പറഞ്ഞവ കൂടാതെ Steel Complex Ltd, Kerala Electrical & Allied Engineering Company Ltd, Sitaram Textiles, Kerala Automobiles Ltd, SILK, Forest Industries Travancore Ltd, Kerala State Drugs & Pharmaceuticals Ltd, Keltron Component Complex Ltd, KSEDC എന്നീ സ്ഥാപനങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്കായും പ്രവർത്തന മൂലധനത്തിനുള്ള മാർജിൻമണിയിനത്തിലും ബഡ്ജറ്റിൽ നിന്ന് സഹായം അനുവദിച്ചു വരുന്നു.

KELTRON-ന്റെ BIFR ന് സമർപ്പിക്കുന്നതിനായുള്ള പുനരുദ്ധാരണ പാക്കേജ് അനുസരിച്ച് കമ്പനിയുടെ ആതറൈസ്ഡ്ഷെയർ ക്യാപ്പിറ്റൽ 200 കോടിരൂപയായി ഉയർത്തുന്നതിനും 84.37 കോടിരൂപയുടെ വായ്പകൾ ഇക്വിറ്റിയായി മാറ്റുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ 82.67 കോടിരൂപയുടെ പലിശ 2015-16 വരെയുള്ള കാലയളവിലേക്ക് മരവിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന സംവിധാനം ശക്തിപ്പെടുത്തുന്ന തിന്റെ ഭാഗമായി ഒരു ഇന്റർനെറ്റ് അധിഷ്ടിത വെബ് പോർട്ടൽ RIAB ൽ സജ്ജമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ദൈനംദിന മോണിട്ടറിംഗ് സംവിധാനം [Daily Monitoring System], മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം [Monthly Monitoring System] എന്നിവ ശക്തിപ്പെടുത്തുകയും, കമ്പനികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തി ക്കഴിഞ്ഞു.

വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ കാര്യക്ഷമത കൂട്ടുന്നതിനായുള്ള പരിശീലന പരിപാടികൾ RIAB മുഖേനയും, കമ്പനി തലത്തിലും നടപ്പിലാക്കിവരുന്നു.

കമ്പനികളിലെ ഇന്റേണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനുവേണ്ടി സർക്കാർ RIAB മുഖേന ചാർട്ടേർഡ് അക്കൗണ്ടന്റ്സിന്റെ ഒരു പാനൽ തയ്യാറാക്കി അംഗീകരിക്കുകയും സ്ഥാപനങ്ങളോട് ഈ പാനലിൽ നിന്നു മാത്രമേ ഇന്റേണൽ ഓഡിറ്റേഴ്സിനെ നിയമിക്കാവൂയെന്ന നിർദ്ദേശവും നിലവിലുണ്ട്.

മാനേജ്മെന്റ് സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ചീഫ് എക്സിക്യ്യൂട്ടീവ് ഓഫീസർമാരെ സുതാര്യമായ നടപടിക്രമങ്ങളിലൂടെ തെരെഞ്ഞെടുക്കുന്നതിനും ഡയറക്ടർ ബോർഡുകൾ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി മേൽപ്പറഞ്ഞവ കൂടാതെ സർക്കാരിന്റെ ഒരു വർഷത്തെ കർമ്മപരിപാടികളിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

മലബാർ സിമന്റ്സിൽ ലഭ്യമായിട്ടുള്ള വിവരസാങ്കേതിക സാങ്കേതിക സൗകര്യങ്ങൾ ഉപയോഗിച്ച് മറ്റു പൊതുമേഖലാസ്ഥാപനങ്ങളിൽ E-tendering, e-procurement എന്നീ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

നിർമ്മാണം പൂർത്തീകരിച്ച പുതിയ വ്യവസായ സംരംഭങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന്റെ ഭാഗമായി ഒൻപത് പൊതുമേഖലാസ്ഥാപനങ്ങളിലും ജീവനക്കാരെ നിയമിച്ച് വ്യാവസായികാടിസ്ഥാനത്തിൽ ഉൽപാദനം തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കേന്ദ്ര പൊതുമേഖലയുമായുള്ള സംയുക്ത സംരഭങ്ങളായ SCL-SAIL, Autokast - Railway എന്നീ പദ്ധതികൾ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ മാതൃകയിൽ MOU സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമായി 2012-13 ൽ 21 പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കുനതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളിൽ അനുവർത്തിക്കുന്നതുപോലെ സാമൂഹിക പ്രതിബദ്ധത പദ്ധതികൾ ആവിഷ്കരിക്കുന്നതിനും MoU സംവിധാനത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്.

Accountant General യുമായി യോജിച്ചുകൊണ്ടുള്ള പെർഫോമൻസ് ആഡിറ്റ് സംവിധാനം

പൊതുമേഖലാ സ്ഥാപനങ്ങങ്ങളിലെ പ്രൊക്യൂർമെന്റ് സംവിധാനം സുതാര്യമാക്കുന്നതിനുവേണ്ടി കേന്ദ്ര വിജിലൻസ് കമ്മിഷന്റെ നിർദ്ദേശ പ്രകാരം Independent External Monitor (IEMs) കളെ നിയമിക്കുന്നതിനു വേണ്ടി ഒരു പാനൽ തയ്യാറാക്കുന്നതിനുള്ളനടപടികൾ റിയാബ് മുഖേന സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ